**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4761 22.03.2018-ലെ മറുപടിയ്ക്ക്

## എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കായിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; | (എ) & (ബി) | 2016-17 ബജറ്റ് പ്രസംഗത്തിൽ പഞ്ചായത്ത് സ്റ്റേഡിയം എന്ന ശീർഷകത്തിലെ 25 സ്റ്റേഡിയങ്ങളും, മറുപടി പ്രസംഗത്തിൽ ഉൾപ്പെട്ട 6 സ്റ്റേഡിയങ്ങളും, 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെട്ട 10 സ്റ്റേഡിയങ്ങളും ഉൾപ്പെടെ 41 സ്റ്റേഡിയങ്ങളാണ് കിഫ്ബി പദ്ധതിയിൽ പഞ്ചായത്ത് സ്റ്റേഡിയങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവയിൽ 29 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകുകയും 20 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പഞ്ചായത്തിലും പ്രാദേശികമായ ആവശ്യത്തിനനുസരിച്ച് വ്യത്യസ്ത കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനുപകരിക്കുന്ന രീതിയിലുള്ള സ്റ്റേഡിയങ്ങളാണ് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്. ഓരോ പഞ്ചായത്തിലും വെവേറെ തരത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനാൽ അതാത് സ്റ്റേഡിയങ്ങളുടെ വ്യത്യസ്ത രീതിയിലുള്ള ഡി.പി.ആർ അംഗീകരിക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. 10 സ്റ്റേഡിയങ്ങൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (സി) | മാവേലിക്കര നിയോജക മണ്ഡലത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് വകുപ്പ് തെരഞ്ഞെടുത്ത സ്ഥലങ്ങളുടെ വിശദ വിവരം ലഭ്യമാക്കുമോ; | (സി) & (ഡി) | നിലവിൽ മാവേലിക്കര നിയോജക മണ്ഡലത്തിലെ കളിസ്ഥലങ്ങൾ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**